<u>പത്രക്കുറിപ്പ്</u>

# ആട്ടോറിക്ഷ തൊഴിലാളിയെ കുത്തിക്കൊലപ്പെടുത്തിയ അയൽവാസി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം മാവിളയ്ക്ക് സമീപം ആട്ടോറിക്ഷ തൊഴിലാളിയെ കുത്തിക്കൊലപ്പെടുത്തിയ അയൽവാസിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായി ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ വെണ്ണിയൂർ മാവുവിള വീട്ടിൽ അജി (48)-യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

ആട്ടോറിക്ഷ തൊഴിലാളിയായ മാവിള അരത്താട്ട് വീട്ടിൽ താമസം ഷിജിയാണ് കുത്തേറ്റ് മരണപ്പെട്ടത്. വ്യാഴാഴ്ചയാണ് സംഭവം നടന്നത്. രാത്രി 08.30 മണിയോടെ ഷിജി, ബന്ധുവിനോടൊപ്പം ബൈക്കിൽ വരുന്ന സമയം പ്രതി അജി ചുടുകല്ലുകൾ അടുക്കി വച്ച് വഴി തടസ്സപ്പെടുത്തിയത് ചോദ്യം ചെയ്തതിനെ തുടർന്നുണ്ടായ വഴക്കിനിടെ അജി കത്തി ഉപയോഗിച്ച് ഷിജിയുടെ കഴുത്തിൽ കുത്തുകയായിരുന്നു. ആഴത്തിൽ മുറിവേറ്റ ഷിജിയെ ഉടനെ അടുത്ത പ്രാഥമികാരോഗ്യകേന്ദ്രത്തിലും തുടർന്ന് മെഡിക്കൽ കോളേജിലും എത്തിച്ചെങ്കിലും രക്തം വാർന്ന് മരണപ്പെടുകയായിരുന്നു.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
അജി (48)

ഷിജിയുടെ ആട്ടോറിക്ഷ വീടിന് സമീപം പാർക്ക് ചെയ്യുന്നത് പ്രതി നിരന്തരം തടസ്സപ്പെടുത്തുകയും ഹരിജൻ ആയ ഷിജിയെ ജാതി പറഞ്ഞ് ആക്ഷേപിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇത് സംബന്ധിച്ച് ഷിജി പോലീസിൽ പരാതി നൽകിയതിലുള്ള വിരോധമാണ് കൊലപാതകത്തിനു കാരണം. സംഭവം നടന്ന ഉടൻതന്നെ സ്ഥലത്തെത്തിയ പോലീസ്, രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ–മാരായ രാജേഷ്, ബാലകൃഷ്ണൻ ആചാരി, സുരേഷ് കുമാർ, മോഹൻകുമാർ, വിഷ്ണു, ബൈജു സി.പി.ഒ–മാരായ ഷൈൻരാജ്, അജി, സനോജ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പട്ടികജാതി–പട്ടികവർഗ്ഗ അതിക്രമ സംരക്ഷണ നിയമം ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരമുള്ള ഈ കേസ്സിന്റെ തുടരന്വേഷണം ഫോർട്ട് അസ്സി. കമ്മീഷണർ അനിൽദാസിന്റെ നേതൃത്വത്തിലുള്ള സംഘം അന്വേഷിക്കുമെന്നും കമ്മീഷണർ അറിയിച്ചു. കോടതി പ്രതിയെ റിമാൻഡ് ചെയ്തു.

## അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന പേരൂർക്കട വില്ലേജിൽ നെട്ടയം വാർഡിൽ പുന്നാംകോണം മാളിക വീട്ടിൽ താമസം ജമീലയുടെ മകൾ അനില (49) യെ 11.03.2021 പുലർച്ചെ മുതൽ വീട്ടിൽ നിന്നും കാണ്മാനില്ല. 5 അടി ഉയരവും വെളുത്ത നിറവും മെലിഞ്ഞ ശരീരവും ഉള്ള ഇവർ മാനസികാസ്വാസ്ഥ്യമുള്ളയാളാണ്. കാണാതാകുമ്പോൾ ബ്രൗൺ നിറത്തിൽ വെള്ളയും മഞ്ഞയും



പുള്ളികളുള്ള ചുരിദാർ ധരിച്ചിരുന്നു. വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം 258/2021 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്ന ഇവരെ കുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ താഴെ കൊടുത്തിട്ടുള്ള ഫോൺ നമ്പരിലോ അടുത്തുള്ള പോലീസ് സ്റ്റേഷനിലോ ബന്ധപ്പെടുവാൻ അറിയിക്കുന്നു.

വട്ടിയൂർക്കാവ് എസ്.എച്ച്.ഒ- 9497947105
വട്ടിയൂർക്കാവ് എസ്.ഐ – 9499798003
വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ – 0471 2360690

തിരുവനന്തപുരം സിറ്റി
03-04-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി